**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2585 — 17.06.2019 ലെ മറുപടിയ്ക്ക്.

# നെന്മിനി പ്രീ മെട്രിക് ഹോസ്റ്റൽ കെട്ടിടനിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി : | | എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
| (എ) | പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിയ്ക്കുന്ന പെരിന്തൽമണ്ണ ബ്ലോക്കിലെ നെന്മിനി പ്രീ മെട്രിക് ഹോസ്റ്റലിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തിയുടെ നിലവിലത്തെ സ്ഥിതി എന്താണെന്ന് അറിയിയ്ക്കുമോ; | (എ) | നെന്മിനി പ്രീ മെട്രിക് ഹോസ്റ്റലിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തിക്ക് സാങ്കേതിക അനുമതി ലഭിച്ചിരുന്നെങ്കിലും അതിൽ G.S.T. ഉൾപ്പെടുത്തിയിരുന്നില്ല. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് ടെണ്ടർ ക്യാൻസൽ ചെയ്യുകയും G.S.T. ഉൾപ്പെ ടെയുള്ള എസ്റ്റിമേറ്റ് ടെക്നിക്കൽ സാങ്ഷനായി സൂപ്രണ്ടിംഗ് എഞ്ചിനീയർ മാർക്ക് നൽകിയിരിക്കുകയുമാണ്. ടെക് നിക്കൽ സാങ്ഷൻ ലഭിക്കുന്നമുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. |
| (ബി) | പ്രവൃത്തി പൂർത്തീകരിയ്ക്കുന്നതിന് വേണ്ടി പട്ടികജാതിവികസന വകുപ്പ് ഏറ്റവും ഒടുവിലായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തുള്ള മരങ്ങൾ മുറിച്ച് മാറ്റി സൈറ്റ് ക്ലിയർ ചെയ്തിട്ടുണ്ട്. |
| (സി) | പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിയ്ക്കുന്നുണ്ടോയെന്ന് നിരീക്ഷിയ്ക്കുന്നതിനായി വകുപ്പ് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; | (സി) | പ്രവൃത്തി നിരീക്ഷിക്കുന്നതിനായി മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസറെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) | പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്ന പ്രസ്തുത ഉദ്യോഗസ്ഥൻ പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് യോഗങ്ങൾ എന്തെങ്കിലും വിളിച്ചുകൂട്ടിയിട്ടുണ്ടോ; എങ്കിൽ ഏറ്റവും ഒടുവിലായി പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച് എന്നാണ് ഡയറക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസർ പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് യോഗങ്ങൾ വിളിച്ച് ചേർത്തിട്ടുണ്ട്. കൂടാതെ ഡയറക്ടറേറ്റ് തലത്തിൽ 27/05/19 -ന് നടത്തിയ മീറ്റിംഗിലും സെക്രട്ടറി തലത്തിൽ നടത്തിയിട്ടുള്ള വർക്കുകളുടെ മീറ്റിംഗിലും ടി വർക്കിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ